HON'BLE MR. E. K. MADHAVAN : ദിവസവും വൈകിട്ട പോകും.

MR. MANNATHU PADMANABHA PILLAI : കൂടുതൽ രോഗികളെ ഉണ്ടാക്കിയാൽ ഒരു ഡാക്ടറെ അവിടെ കൊടുക്കുമോ?

HON'BLE MR. E. K. MADHAVAN : കൊടുക്കാം.

ഹൈഡ്രോ എലക്ട്രിക്ക് സ്കീം.

*614. MR. THARIATHU KUNJITHOMMAN : താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ഹൈഡ്രോ എലക്ട്രിക്ക് സ്കീം വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ?

(എ) ദേവികുളം താലൂക്കിലെ ഹൈഡ്രോ എലക്ട്രിക്ക് സ്കീം സംബന്ധിച്ച ചെങ്കുളം, കണ്ടള, മാട്ടുപ്പട്ടി എന്നീ സ്ഥലങ്ങളിൽ കഴിഞ്ഞ ധനു മ. 0 –ാം തീയതിവരെ ആകെ എത്ര രൂപായുടെ വേലകൾ നടത്തിയിട്ടുണ്ടെന്നു ദയവുചെയ്തു പ്രസ്താവിക്കുമോ?

(ബി) പ്രസ്തുത സ്ഥലങ്ങളിലെ ജോലികൾ ചീഫ് എൻജിനിയരുടെ മേൽനോട്ടത്തിലോ എലക്ട്രിക്ക് എൻജിനിയരുടെ മേൽനോട്ടത്തിലോ നടത്തിയതെന്നും ദയവുചെയ്തു പ്രസ്താവിക്കുമോ?

HON'BLE MR. K. R. ELENAKATH : ദേവികുളം താലൂക്കിൽ ഹൈഡ്രോ ഇലക്ട്രിക്ക് സ്കീം സംബന്ധിച്ച ചെങ്കുളം, കണ്ടള, മാട്ടുപ്പട്ടി എന്നീ രണ്ടു പദ്ധതികൾക്കുമായി ധനുമാസം അവസാനംവരെ രൂ. വൻസ ഫർണ-ർ-ഒ ചെലവായിട്ടുണ്ട്. അവിടത്തെ എൻജിനിയർമാരെല്ലാം ഇലക്ട്രിക്കൽ എൻജിനിയരുടെ കീഴിലാണ് ജോലി ചെയ്യുന്നതു്.

Adult Education.

615. MR. N. DANIEL JOSE (*Neyyattinkara III—S. I. U. C.*): Will the Hon'ble Minister for Education be pleased to state:

(*a*) whether a class for Adult Education is to be run by the All Travancore Library Association, the expenses to be met from the Government Grant; and

(*b*) if so, what are the details of the scheme?

HON'BLE MR. N. KUNJURAMAN: (*a*) and (*b*) Government have no information regarding the opening of a class for Adult Education by the Travancore Libraries Association and no application for grant for that purpose has been received till now. It may, however, be stated that "Adult Education" is also one of the items of work of the Association.

MR. KANNARA GOPALA PANICKER : അഡൽട്ട് എഡ്യൂക്കേഷൻ സംബന്ധിച്ച് ഗവണ്മെൻറിന് എന്തെങ്കിലും പദ്ധതിയുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

HON'BLE MR. N. KUNJURAMAN : അതു് ഗവണ്മെൻറിന്റെ ആലോചനയിൽ ഇരിക്കുന്ന സംഗതിയാണു്.

MR. K. A. MATHEW : അവിടെനിന്നും ഒരു സ്കീം ഗവണ്മെൻറിലേയ്ക്കു് സമർപ്പിച്ചിട്ടുണ്ടോ?

HON'BLE MR. N. KUNJURAMAN : ഉണ്ടു്.

MR. K. A. MATHEW : അതിന്മേൽ എന്തു നടപടി നടത്തിയെന്നു പറയാൻ ഭയവുണ്ടാകുമോ?

HON'BLE MR. N. KUNJURAMAN : അതു് ഗവണ്മെൻറിന്റെ ആലോചനയിലിരിക്കുകയാണു്.

MR. CHERIYAN J. KAPPAN : ആ സ്കീം അനുസരിച്ചു് പ്രവർത്തിക്കണമെന്നു് ഗവണ്മെൻറു് വിചാരിക്കുന്നുണ്ടോ?

HON'BLE MR. N. KUNJURAMAN : ഏതു രീതിയിൽ നടത്തണം എന്നു ഗവണ്മെൻറു് തീരുമാനിച്ചിട്ടില്ല.

G. M. F. Scheme in Vilavancode taluk,

*616. MR. A. GABRIEL NADAR (*Vilavancode—Latin Catholic*): Will the Hon'ble Minister for Public Works be pleased to state:

(*a*) the measure adopted to complete the tanks taken up under the G. M. F. Scheme in Vilavancode taluk;

(*b*) the number of new tanks proposed to be taken up this year and the total cost of improving those tanks;

(*c*) whether the Sub-division Office established, in Vilavancode is having any definite programme of work;

(*d*) whether the investigation work to find out the possibilities to supply water to the top level tanks in the valleys in the Vilavancode taluk has been entrusted to this Sub-Division Officer; and

(*e*) if the answer to (*d*) is in the affirmative the probable time within which a report on this can be expected?

HON'BLE MR. V. O. MARKOS: (*a*) The necessary special staff has been posted with head-quarters at Kuzhithurai with instructions to take up and complete as many tank works in Vilavancode taluk as possible.

(*b*) 31 tanks are proposed to be improved with an approximate cost of Rs. 60,000.

(*c*) Yes.

(*d*) No.

(*e*) This question does not arise.

MR. A. GABRIEL NADAR: What is the total number of tanks in that taluk?

HON'BLE MR. V. O. MARKOS: അതിന്റെ ഫിഗേഴ്സ് ഇപ്പോൾ കൈവശമില്ല.

LIBRARY ARCHIVES Kerala Legislative Assembly